REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 26-03-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക പിൻവലിയ്ക്കാവുന്ന സമയ പരിധി വൈകിട്ട് മൂന്നിന് അവസാനിക്കും.**
- **പശ്ചിമേഷ്യൻ സംഘർഷത്തിലെ ആശങ്കകൾക്കും, പ്രശ്നങ്ങൾക്കും കേന്ദ്രഗവൺമെന്റ് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.**
- **അടുത്ത പത്ത് വർഷത്തേക്ക് 28,840 കോടി രൂപ ചെലവിൽ പരിഷ്കരിച്ച ഉഡാൻ നടപ്പാക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.**
- **ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി.**
- **പ്രശസ്ത ബാലസാഹിത്യകാരൻ PI ശങ്കരനാരായണൻ അന്തരിച്ചു.**

## വാർത്തകൾ വിശദമായി

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിയ്ക്കാവുന്ന സമയ പരിധി ഇന്ന് അവസാനിക്കും. വൈകിട്ട് മൂന്ന് വരെ പത്രിക പിൻവലിക്കാം. ഇതോടെ തിരഞ്ഞെടുപ്പിലെ മത്സര ചിത്രം വ്യക്തമാകും. 140 മണ്ഡലങ്ങളിൽ 985 സ്ഥാനാർത്ഥികളാണ് ഇപ്പോൾ മത്സരരംഗത്ത്. സൂക്ഷ്മപരിശോധനയിൽ 357 പത്രിക തിരഞ്ഞെടുപ്പ് കമ്മീഷൻ തള്ളിയിരുന്നു. 1,754 പത്രികകൾ സാധുവായി കണ്ടെത്തി. സ്ഥാനാർത്ഥികൾ ഒന്നിലേറെ സെറ്റ് പത്രിക മിക്ക മണ്ഡലങ്ങളിലും നൽകിയിരുന്നു. ഇതുവരെ 14 പേർ മത്സരരംഗത്തു നിന്ന് പിന്മാറി. ഡമ്മി

സ്ഥാനാർത്ഥികളും അപരന്മാരും പത്രിക പിൻവലിക്കുന്നതോടെ മത്സരരംഗത്തെ പ്രമുഖ സ്ഥാനാർത്ഥികൾ ആരൊക്കെയാണെന്ന് വ്യക്തമാകും.

✪✪✪

UDF ന്റെ പ്രചാരണത്തിന്റെ ഭാഗമായി ഇന്നലെ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ മുന്നണിയുടെ മഹാറാലി കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്തു.

കേരളത്തെ വീണ്ടെടുക്കാൻ UDF തന്നെ വരണമെന്നും LDF ഗവണ്മെന്റ് നാടിനായി ഒന്നും ചെയ്തിട്ടില്ലെന്നും മല്ലികാർജുന ഖാർഗെ കുറ്റപ്പെടുത്തി. കേരളത്തിന്റെ കട ബാധ്യത കൂടുകയാണെന്നും, കേരള മോഡലായിരുന്ന ആരോഗ്യ മേഖലയെ ഇടതു ഗവണ്മെന്റ് തകർത്തതായും ഖാർഗെ ആരോപിച്ചു.

പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഓൺലൈനായി റാലിയെ അഭിസംബോധന ചെയ്തു. പ്രതിപക്ഷ നേതാവ് VD സതീശൻ, AICC സംഘടന ജനറൽ സെക്രട്ടറി KC വേണുഗോപാൽ, മുസ്ലീം ലിഗ് നേതാവ് P.K കുഞ്ഞാലിക്കുട്ടി തുടങ്ങിയവരും റാലിയിൽ സംസാരിച്ചു.

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് എറണാകുളം ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തും. രാവിലെ കോതമംഗലത്തെ വാർത്താസമ്മേളനത്തിന് ശേഷമായിരിക്കും മാർ ബേസിൽ ഗ്രൗണ്ടിലെ പൊതുപരിപാടി. വൈകീട്ട് തൃപ്പൂണിത്തുറയിലും വൈപ്പിനിലും കളമശ്ശേരിയിലും മുഖ്യമന്ത്രി പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കും.

BJP യുടെ യും NDA യുടെയും പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 29 ന് കേരളത്തിലെത്തും. തൃശൂരിൽ അന്ന് വൈകിട്ട് പൊതുസമ്മേളനവും റോഡ്ഷോയും ഉണ്ടായിരിക്കുമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് അറിയിച്ചു, മുന്നണി സ്ഥാനാർത്ഥികളുടെ മണ്ഡല തല പ്രചാരണം പുരോഗമിക്കുകയാണ്.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രശ്നബാധിത പോളിങ് സ്റ്റേഷനുകളിൽ നിയമിച്ച മൈക്രോ ഒബ്സർവർമാരുടെ ഒന്നാംഘട്ട പരിശീലനം കോഴിക്കോട്ട് സംഘടിപ്പിച്ചു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിശീലനത്തിൽ 202 പേർ പങ്കെടുത്തു.

പോളിങ് സ്റ്റേഷനിലെ എല്ലാ പ്രവർത്തനങ്ങളും മൈക്രോ ഒബ്സർവർമാരാണ് നിരീക്ഷിക്കുന്നത്.

✪✪✪

കണ്ണൂർ ജില്ലയിൽ നിയമസഭാ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കലക്ടർ ആരുൺ K വിജയൻ അറിയിച്ചു. ഹോം വോട്ടിംഗിന്റെ ക്രമീകരണങ്ങളും പൂർണമായി.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

............(വോയ്സ്).............

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നിലമ്പൂർ - ഊട്ടി അന്തർസംസ്ഥാന പാതയിൽ സ്പെഷ്യൽ പൊലിസ് ചെക്കുപോസ്റ്റിലെ പരിശോധന ഊർജിതമാക്കി. വഴിക്കടവ് ആനമറിയിൽ സ്ഥാപിച്ച ചെക്കുപോസ്റ്റിലാണ് പരിശോധന കർശനമാക്കിയത്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിലെ ആശങ്കകൾക്കും, പ്രശ്നങ്ങൾക്കും കേന്ദ്രഗവൺമെന്റ് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു. ഈ നടപടികൾക്ക് ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ പ്രതിപക്ഷമടക്കം പിന്തുണ ഉറപ്പുനൽകിയതായും റിജിജു പറഞ്ഞു. ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യക്കാരുടെ സുരക്ഷയും കപ്പൽ ഗതാഗത ഇടനാഴികൾ അടയ്ക്കുന്നതും ഉൾപ്പെടെ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

പശ്ചിമേഷ്യൻ സാഹചര്യം സംബന്ധിച്ച പ്രധാനമന്ത്രിയുടെ പാർലമെന്റിലെ പ്രസ്താവനയ്ക്കു ശേഷമായിരുന്നു സർവ്വകക്ഷിയോഗം. ഇന്ധനം, വിതരണ ശൃംഖല, രാസവളം എന്നിവയടക്കം മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഏഴ് ശാക്തീകരണ സംഘങ്ങൾ രൂപീകരിച്ചതായി പ്രധാനമന്ത്രി അറിയിച്ചിരുന്നു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിന് പരിഹാരമായി US മുന്നോട്ടുവെച്ച പതിനഞ്ചിന നിർദ്ദേശങ്ങൾ ഇറാൻ തള്ളി. ആണവ പരിപാടിയിൽ നിന്ന് പിന്മാറണമെന്നും, മിസൈൽ ശേഖരം കുറയ്ക്കണമെന്നും, ഹോർമൂസ് കടലിടുക്ക് രാജ്യാന്തര കപ്പൽ ഗതാഗതത്തിന് തുറക്കണമെന്നും, പ്രാദേശിക സായുധ സംഘങ്ങളെ

പിന്തുണയ്ക്കുന്ന നിലപാട് അവസാനിപ്പിക്കണമെന്നതുമുൾപ്പെടെ നിർദ്ദേശങ്ങളാണ് US മുന്നോട്ടുവെച്ചതെന്നാണ് മാധ്യമ റിപ്പോർട്ടുകൾ. ഇതിനുപകരം ഇറാൻ അഞ്ചിന നിർദ്ദേശങ്ങൾ ഉന്നയിച്ചതായി ഇറാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

കടന്നുകയറ്റവും, കൊലപാതകങ്ങളും അവസാനിപ്പിക്കണമെന്നും, ഭാവിയിൽ സൈനിക നടപടികൾ ഉണ്ടാകരുതെന്നും, യുദ്ധനാശത്തിന് നഷ്ടപരിഹാരം നൽകണമെന്നും, ഹോർമൂസ് കടലിടുക്കിന് മേൽ ഇറാന്റെ പരമാധികാരം അംഗീകരിക്കണമെന്നതുമുൾപ്പെടെ നിർദ്ദേശങ്ങളാണ് ഇറാൻ മുന്നോട്ടുവെച്ചത്.

✪✪✪

അടുത്ത പത്ത് വർഷത്തേക്ക് 28,840 കോടി രൂപ ചെലവിൽ പ്രാദേശിക കണക്റ്റിവിറ്റി സ്കീം - പരിഷ്കരിച്ച ഉഡാൻ നടപ്പാക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. നിലവിൽ സർവീസ് ഇല്ലാത്ത എയർസ്ട്രിപ്പുകളിൽ 100 വിമാനത്താവളങ്ങൾ വികസിപ്പിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

ഇത് സർവീസ് ഇല്ലാത്ത പ്രദേശങ്ങളിൽ മെച്ചപ്പെട്ട പ്രാദേശിക വ്യോമയാന കണക്റ്റിവിറ്റിക്ക് വഴിയൊരുക്കും. 2031 മാർച്ച് 31 വരെ അഞ്ച് വർഷത്തേക്ക് 1800 കോടി രൂപ ബജറ്റ് വിഹിതത്തോടെ ഇമിഗ്രേഷൻ, വിസ, ഫോറിനേഴ്സ് രജിസ്ട്രേഷൻ, ട്രാക്കിംഗ് - IVFRT പദ്ധതി തുടരുന്നതിനും മന്ത്രിസഭ അംഗീകാരം നൽകിയതായി അശ്വിനി വൈഷ്ണവ് അറിയിച്ചു.

✪✪✪

ഇന്ന് രാമനവമി. രാഷ്ട്രപതി ദ്രൗപതി മുർമു വിശ്വാസികൾക്ക് നവമി ആശംസകൾ നേർന്നു. സത്യത്തിന്റെയും, ധർമ്മത്തിന്റെയും അർത്ഥപൂർണമായ ജീവിതത്തിന്റെയും സന്ദേശമാണ് രാമന്റെ ഇതിഹാസം പകർന്നുനൽകുന്നതെന്ന് ദ്രൗപതി മുർമു സന്ദേശത്തിൽ പറഞ്ഞു. ചിന്ത കൊണ്ടും, വാക്കു കൊണ്ടും, പ്രവൃത്തി കൊണ്ടും രാജ്യത്തെ സേവിക്കുമെന്ന പ്രതിജ്ഞ പുതുക്കാൻ ഈ ദിവസം പ്രയോജനപ്പെടുത്തണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു.

✪✪✪

ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി. ലോക്സഭ നേരത്തെ പാസാക്കിയ ബില്ലിന് രാജ്യസഭ ഇന്നലെ അംഗീകാരം നൽകി. പ്രതിപക്ഷത്തിന്റെ ഇറങ്ങിപ്പോക്കിനിടെയാണ് ബിൽ പാസാക്കിയത്.

✪✪✪

ഇന്ത്യയിലെ നിരോധിത ഭീകര സംഘടനയെ പിന്തുണച്ച പാകിസ്ഥാൻ പ്രസ്താവനയെ ഇന്ത്യ പാടെ നിരസിച്ചു. ഇന്ത്യയുടെ നിയമവ്യവസ്ഥയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാമർശത്തിന് പാകിസ്ഥാന് അവകാശമില്ലെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. ഭീകരവാദത്തെ എന്നും പിന്തുണച്ചു പോരുന്ന പാകിസ്ഥാന്റെ പ്രതികരണത്തിൽ അത്ഭുതമില്ലെന്നും ജയ്സ്വാൾ അറിയിച്ചു.

✪✪✪

റെയിൽവെയിലെ നൂതന ഫൈബർ ആശയവിനിമയത്തിനും,സുരക്ഷാ സംവിധാനത്തിനും 1,200 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾക്ക് മന്ത്രാലയം അംഗീകാരം നൽകി. ട്രെയിനുകളുടെ കൂട്ടിയിടി ഒഴിവാക്കുന്ന 'കവച്-4.0' ഓട്ടോമാറ്റിക് സംവിധാനം കേരളം, തമിഴ്നാട്, കർണാടക സോണുകളിലെ 548 കിലോമീറ്റർ പാതയിൽ വ്യാപിപ്പിക്കുന്ന പദ്ധതിയും ഇതിലുൾപ്പെടുന്നു.

✪✪✪

രാജ്യത്ത് പെട്രോളിനും ഡീസലിനും ക്ഷാമമില്ലെന്ന് ഇന്ത്യൻ ഓയിൽ കോർപറേഷൻ ആവർത്തിച്ചു വ്യക്തമാക്കി. രാജ്യത്തെ എല്ലാ IOC പമ്പുകളിലും ആവശ്യത്തിന് ഇന്ധനം സ്റ്റോക്കുണ്ടെന്ന് ചെയർമാൻ അരവിന്ദർസിംഗ് സാഹ്നി അറിയിച്ചു. അടിസ്ഥാനരഹിതമായ കേട്ടുകേൾവികളിൽ ആശങ്കപ്പെട്ട് ഇന്ധനം വാങ്ങിക്കൂട്ടേണ്ട ആവശ്യമില്ലെന്നും സാഹ്നി പറഞ്ഞു.

✪✪✪

പ്രശസ്ത ബാലസാഹിത്യകാരൻ PI ശങ്കരനാരായണൻ അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ വൈകിട്ടായിരുന്നു 81 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. സ്പൈസസ് ബോർഡിൽ ഉദ്യോഗസ്ഥനായിരുന്നു. ഏലം, സ്പൈസ് ഇന്ത്യ എന്നിവയുടെ പത്രാധിപരായി പ്രവർത്തിച്ചു. ഏലം ഒരു ശീലമാക്കൂ എന്ന ഏലം ബോർഡിന്റെ പരസ്യവാചകം ശങ്കരനാരായണന്റേതാണ്. 70 ലേറെ ബാലസാഹിത്യ കൃതികൾ എഴുതി. ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ്, കുമാരനാശാൻ സ്മാരക കവിതാ സമ്മാനം, കുഞ്ഞുണ്ണി പുരസ്കാരം എന്നിവയടക്കം പുരസ്കാരങ്ങൾ ലഭിച്ചു. കൊച്ചി ആകാശവാണിയിൽ സ്ഥിരമായി സുഭാഷിതങ്ങളും അവതരിപ്പിച്ചിരുന്നു. സംസ്കാരം ഉച്ചയ്ക്ക് കൊച്ചി രവിപുരം ശ്മശാനത്തിൽ നടത്തും.

✪✪✪

ദേശീയഗീതമായ വന്ദേമാതരം ഇന്ന് മുതൽ ആകാശവാണിയിൽ പൂർണ്ണമായി പ്രക്ഷേപണം ചെയ്തു തുടങ്ങി. രാവിലെ 5.55 നാണ് പ്രക്ഷേപണം .

സ്വാതന്ത്ര്യാനന്തരം ആകാശവാണി സ്റ്റേഷനുകൾ വന്ദേമാതരത്തിന്റെ ആദ്യ രണ്ട് ഭാഗം മാത്രമാണ് പ്രക്ഷേപണം ചെയ്തിരുന്നത്. പ്രശസ്ത ഹിന്ദി ക്ലാസിക്കൽ ഗായകൻ പണ്ഡിറ്റ് ചന്ദ്രശേഖർ വാസെ ആലപിച്ച പതിപ്പാണ് പ്രക്ഷേപണം ചെയ്യുന്നത്.

✪✪✪

സാഫ് അണ്ടർ 20 ഫുട്ബാൾ ചാമ്പ്യൻ ഷിപ്പിൽ ഇന്ത്യ ഇന്ന് പാകിസ്താനെ നേരിടും.മാലിയിലാണ് മത്സരം.

✪✪✪

പത്തനംതിട്ട കോന്നി വള്ളിക്കോട്, വാഴമുട്ടം ഭാഗങ്ങളിൽ തെരുവു നായ ആക്രമണത്തിൽ നാലു പേർക്ക് പരിക്കേറ്റു. മൂന്ന് പേരെ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ പ്രാഥമിക ചികിത്സയ്ക്കു ശേഷം കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു മാറ്റി.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: അബ്ദുൽ കബീർ, മണികണ്ഠൻ*
*DEO : ഷീബ*